Australian Government
Department of Social Services

# ഗാർഹിക അതിക്രമവും കുടുംബ അതിക്രമവും

## ഓസ്‌ട്രേലിയയിൽ ഗാർഹിക അതിക്രമവും കുടുംബ അതിക്രമവും അസ്വീകാര്യമാണ്.

ഗാർഹിക അതിക്രമവും കുടുംബ അതിക്രമവും നിയമത്തിനെതിരായ കുറ്റകൃത്യങ്ങളാണ്.

ഈ കുറ്റകൃത്യങ്ങൾ ചെയ്യുന്ന വ്യക്തി ജയിലിലാക്കപ്പെടാം, അതൊരു പുരുഷനായാലും സ്ത്രീ ആയാലും.

നിങ്ങളോ നിങ്ങളുടെ അറിവിൽ പെട്ട ആരെങ്കിലുമോ അപകടത്തിലാണെങ്കിൽ **000** എന്ന നമ്പറിൽ പൊലീസിനെ വിളിക്കുക.

ഓസ്‌ട്രേലിയയിലെ പോലീസ് സുരക്ഷിതവും ആശ്രയിക്കാനാവുന്നതുമാണ്.

സൌജന്യവും, രഹസ്യാത്മകവുമായ കൌൺസലിംഗിനും വിവരങ്ങൾക്കും **1800 737 732** എന്ന നമ്പറിൽ 1800RESPECT നെ വിളിക്കുക.

നിങ്ങൾക്ക് ഒരു സൌജന്യ ദ്വിഭാഷിയെ ആവശ്യമുണ്ടെങ്കിൽ വിളിക്കൂ **131 450**.

## ഓസ്‌ട്രേലിയൻ സർക്കാർ (Australian Government) ഒരു സാഹചര്യത്തിലും ഗാർഹിക അതിക്രമവും കുടുംബ അതിക്രമവും പൊറുക്കുന്നതല്ല..

ഗാർഹിക അതിക്രമവും കുടുംബ അതിക്രമവും എന്നതിൽ ഒരു പങ്കാളിയിൽ ഭയം ജനിപ്പിച്ച് അല്ലെങ്കിൽ അവരുടെ സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്തി അവരുടെ മേൽ നിയന്ത്രണം നേടുക എന്ന ലക്ഷ്യത്തോടെയുള്ള പെരുമാറ്റം അല്ലെങ്കിൽ ഭീഷണികൾ ഉൾപ്പെടുന്നു. ഗാർഹിക അതിക്രമവും കുടുംബ അതിക്രമവും എന്നതിൽ ഇവ ഉൾപ്പെടാവുന്നതാണ്:

- അടിക്കുക;
- ശ്വാസം മുട്ടിക്കുക;
- പങ്കാളിക്ക് അല്ലെങ്കിൽ കുടുംബത്തിന് ആവശ്യമായ പണം നിഷേധിക്കുക;
- പങ്കാളിയെ സുഹൃത്തുക്കളിൽ അല്ലെങ്കിൽ കുടുംബത്തിൽ നിന്ന് ഒറ്റപ്പെടുത്തുക;
- പങ്കാളിയെ അവഹേളിക്കുക അല്ലെങ്കിൽ നിരന്തരം വിമർശിക്കുക;
- ലൈംഗിക ബന്ധത്തിലേർപ്പെടാൻ പങ്കാളിയെ നിർബന്ധിക്കുക കൂടാതെ
- കുട്ടികളെ അല്ലെങ്കിൽ വളർത്തുമൃഗങ്ങളെ ഭീഷണിപ്പെടുത്തുക.

## സ്ത്രീകൾക്ക് പുരുഷന്മാർക്കുള്ള അതേ അവകാശങ്ങളുണ്ട്.

ഓസ്‌ട്രേലിയയിലെ നിയമം സ്ത്രീകളെയും പുരുഷന്മാരെയും തുല്യമായി പരിഗണിക്കുന്നു.

എല്ലാവർക്കും അവരുടെ കുടുംബങ്ങളുമൊത്തും, സ്നേഹിതരുമൊത്തും, പ്രിയപ്പെട്ടവരുമൊത്തും പോസിറ്റീവും സുരക്ഷിതവുമായ ബന്ധങ്ങൾ അനുഭവിക്കുന്നതിനുള്ള അവകാശമുണ്ട്. അക്രമം ഒരിക്കലും ശരിയല്ല.മോശമായി പെരുമാറുന്നത് അല്ലെങ്കിൽ ഉപദ്രവിക്കപ്പെടുന്നത് ആരും സ്വീകരിക്കേണ്ട ആവശ്യമില്ല.

## ഓസ്ട്രേലിയയിൽ സഹായകരമായ സാംസ്കാരികമായി സംവേദനക്ഷമമായ സേവനങ്ങൾ ലഭ്യമാണ്.

**1800RESPECT** ഓസ്ട്രേലിയയുടെ ദേശീയ സെക്ഷ്വൽ അസോൾട്ട്, ഫാമിലി ആന്റ് ഡൊമസ്റ്റിക് വയലൻസ് കൌൺസലിംഗ് സേവനമാണ്. (Australia’s National Sexual Assault, Family and Domestic Violence Counselling service). അത് സൌജന്യവും രഹസ്യാത്മകവുമായ ടെലിഫോൺ ഓൺലൈൻ കൌൺസലിംഗും വിവരങ്ങളും പ്രദാനം ചെയ്യുന്നു. കൌൺസലർമാർ നിങ്ങൾ പറയുന്നത് കേൾക്കുകയും, നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കുകയും, നിങ്ങളുടെ പ്രദേശത്തുള്ള മറ്റ് സപ്പോർട്ട് സേവനങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യും.

വിളിക്കൂ **1800 737 732** അല്ലെങ്കിൽ **1800RESPECT** വെബ്സൈറ്റിലേക്ക് പോകൂ **www.1800RESPECT.org.au**.

## നിങ്ങൾക്ക് ഒരു ദ്വിഭാഷിയെ ആവശ്യമുണ്ടോ?

ട്രാൻസ്ലേറ്റിംഗ് ആന്റ് ഇന്റർപ്രെട്ടിംഗ് സർവ്വീസിനെ **(Translating and Interpreting Service)** (TIS) **131 450**എന്ന നമ്പറിൽ വിളിക്കൂ TIS ൽ നിന്നുള്ള ഒരു ദ്വിഭാഷിക്ക് മറ്റ് സേവനങ്ങളുമായി ആശയവിനിമയം നടത്താൻ നിങ്ങളെ സഹായിക്കാനാവും. എന്നിരുന്നാലും TIS കൌൺസലിംഗ് പ്രദാനം ചെയ്യുന്നതല്ല. എല്ലാ കോളുകളും സൌജന്യവും രഹസ്യാത്മകവുമാണ്.